# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3399

22.08.2017 ൽ മറുപടിയ്ക്ക്

## സോഷ്യൽ മീഡിയ വഴിയുള്ള വ്യാജപ്രചരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.എ. എൻ. ഷംസീർ<br>പ്രൊഫ.കെ.യു. അരുണൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് അതിക്രമങ്ങളോ അത്യാഹിതങ്ങളോ സംഭവിക്കുമ്പോൾ അവയുടെ യഥാർത്ഥ വസ്തുതകൾ പഠിക്കാതെ സോഷ്യൽ മീഡിയ വഴി അഭിപ്രായങ്ങൾ പ്രചരിക്കുന്നത് മൂലം ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്കയും അഭിപ്രായ ഭിന്നതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീവ്രവാദ സംഘടനകളും വർഗ്ഗീയ രാഷ്ട്രീയ സംഘടനകളും ബോധപൂർവ്വം നടത്തുന്ന ഇത്തരം പ്രചരണങ്ങൾ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായിക്കാണുന്നുണ്ടോ; | (ബി) ഇത്തരത്തിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ട്. |
| (സി) നിക്ഷിപ്തതാത്പര്യക്കാർ ബോധപൂർവ്വം നടത്തുന്ന വ്യാജപ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ;<br><br>(ഡി) സൈബർ സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും സൈബർകുറ്റങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന സാധാരണക്കാർക്ക് ബോധവൽക്കരണവും ജാഗ്രതാനിർദ്ദേശവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും സാമൂഹ്യ മാധ്യമങ്ങളിൽ വ്യക്തിഹത്യയും അപവാദ പ്രചരണങ്ങളും വർദ്ധിച്ചു വരുന്നതിൽ 06/08/2017-ന് ചേർന്ന സർവ്വ കക്ഷി യോഗം ആശങ്ക പ്രകടിപ്പിക്കുകയും ഇക്കാര്യത്തിൽ സർക്കാർ ഇടപെടണമെന്നും . ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി. നവമാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണങ്ങൾ വ്യക്തിഹത്യ മാത്രമല്ല, ക്രിമിനൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതിനും ഇടയാക്കുന്നുണ്ട്. ഇക്കാര്യത്തിൽ അഭിപ്രായ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടു തന്നെ സർക്കാരിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാ- |

വുമെന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ താഴെ പറയുന്ന കമ്മിറ്റി രൂപീകരിച്ച് ചുമതലപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. **പൊതുഭരണ-ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പ് സെക്രട്ടറി** (കൺവീനർ)
2. **നിയമ വകുപ്പ് സെക്രട്ടറി**
3. **ഐ.ടി. സെക്രട്ടറി**
4. **ഡോ.പി.വിനോദ് ഭട്ടതിരിപ്പാട്**
   പൊൽപായ മന, തിരുത്തിയാട്,
   കോഴിക്കോട് - 673 004.

സെക്ഷൻ ഓഫീസർ.